**File No.TCPCTP/2247/2019-D3**

**മുഖ്യ നഗരാസൂത്രകയുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യനഗരാസൂത്രകയുടെ കാര്യാലയം, തിരുവനന്തപുരം-സാങ്കേതിക വിഭാഗം - കണ്ണൂർ ജില്ല - പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് -പാപ്പിനിശ്ശേരി വില്ലേജ് -പെട്രോൾ പമ്പ് നിർമ്മാണം ലേ ഔട്ട് - അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03/09/19 - ലെ A2/3875/19 നമ്പർ കത്ത്

2) കണ്ണൂർ ടൗൺ പ്ലാനറുടെ 17/09/19 -ലെ TCPKNR/1979/19-C നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ. TCPCTP/2247/2019-D3** **തീയതി:07/11/2019**

---

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പാപ്പിനിശ്ശേരി വില്ലേജിൽ റീസർവ്വേ നമ്പർ **338/4** -ൽപ്പെട്ട **1618.8 Sq.m** സ്ഥലത്ത് **Group - I Hazardous occupancy** യിൽപ്പെട്ട Sales Building-39 ച.മീ, Canopy-325 ച.മീ ഉൾപ്പെടെ 364.ച.മീ വിസ്തീർണ്ണമുള്ള പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ കേരള ക്ലേയ്സ് & സിറാമിക് പ്രൊഡക്റ്റ് മാനേജിംഗ് ഡയറക്ടറുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ- 2011 -നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും ലേ -ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി /എൻ.ഒ.സി. എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപ്പൻസി നൽകുവാൻ പാടുള്ളൂ.
2. കെ.പി.ബി.ആർ -1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, റീസർവേ നമ്പർ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോദ്ധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ. 2011-നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി.

വാങ്ങിയിരിക്കണം.

6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. കനോപ്പിക്ക് റോഡിൽ നിന്നും 3.00 മീറ്റർ അകലം ലഭ്യമാണെന്ന് ഉറപ്പാക്കേണ്ടതാണ്.
8. നിർമ്മാണ സ്ഥലം CRZ III മേഖലയിൽ ഉൾപ്പെടുന്നതിനാൽ കേരളാ കോസ്റ്റൽ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും മുൻകൂർ ക്ലിയറൻസ് ലഭ്യമാക്കേണ്ടതാണ്.
9. പ്ലോട്ടിന്റെ കിഴക്ക് വശത്തുള്ള റോഡിലെ ഗതാഗതത്തിന് തടസ്സമുണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 121/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

**ജയശ്രീ പി.ആർ**
**നഗരാസൂത്രക**

ഉള്ളടക്കം : ഒരു സെറ്റ് പ്ലാൻ

സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്,കണ്ണൂർ.

പകർപ്പ് : 1) ടൗൺ പ്ലാനർ,കണ്ണൂർ
2) വെബ്സൈറ്റ്
3) കരുതൽ ഫയൽ
4) അധികം